# THE MALANKARA ORTHODOX SYRIAN CHRISTIAN'S

**Lenten Prayers**

**Noon Prayers- Malayalam**




**Rev.Fr.Blessen Varghese (Vicar)**

**St Gregorios Indian Orthodox Church**

**Mississauga, Ontario, Canada**

# തിങ്കളാഴ്ച ആറാംമണി

## കോലോ

(ശ്ലോമ്മോദാബോ)

പാരം വീര്യം പൂണ്ടേറ്റം-ഗുണമേലും നോമ്പാസന്നം
സഹജന്മാരേ! കൈക്കൊൾവിൻ
വിധിയിൽ പുനരുത്ഥാനത്തിൽ
നോമ്പാൽ നാമേറ്റം ശോഭി-ച്ചാത്മീയർക്കൊപ്പം നിൽക്കും.

ബാറെക്മോർ. ശുബഹോ ...

പ്രാർത്ഥിപ്പാൻ ഞങ്ങൾക്കൊപ്പം-നിൽക്കുക വന്നിങ്ങന്നോ
ഹാനനിയാദ്യന്മാർ ദൗത്യം
ദാനീയേലിന്നായ് നൽകി
ബാബേൽ തീച്ചൂളക്കുണ്ടിൽ-കൂസരുതെന്നാൻ ദാനീയേൽ.

മൊറിയോ റാഹേമേലൈനു ആദാറൈൻ

ഒരു കൗമാ

## കോലോകൾ

1. മഹാശക്തിയുള്ളതും പ്രയോജനം നിറഞ്ഞിരിക്കുന്നതുമായ നോമ്പ് ഇതാ സമീപിച്ചിരിക്കുന്നു. എന്റെ സഹോദരന്മാരെ! വെടിപ്പോടെ നമുക്കതിനെ സ്വീകരിക്കാം. പുനരുത്ഥാനത്തിങ്കൽ ന്യായസ്ഥലത്ത് അതു നമുക്കു മുഖപ്രസാദം നേടിത്തരുകയും ആത്മീയന്മാരോടൊന്നിച്ച് നമ്മെ കലർത്തുകയും ചെയ്യും.

ബാറെക്മോർ.

ഹാനനിയാ ആദിയായവർ തീച്ചൂളയിങ്കൽ വച്ച് ദാനിയേലിനു ലേഖനം എഴുതിയതെന്തെന്നാൽ നീ വന്ന് പ്രാർത്ഥനയിൽ ഞങ്ങളോടൊന്നിച്ചു നിൽക്കുക. ദാനിയേൽ മറുപടിയായി, 'കൽദായക്കാർ നിങ്ങൾക്കായി ജ്വലിപ്പിച്ച അഗ്നിയിൽനിന്നു നിങ്ങൾ പരിഭ്രമിക്കരുതെ'ന്നും എഴുതി.

മൊറിയൊറാഹേമ്മേലൈൻ....

## ബോവൂസോ

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ! കൃപ ചെയ്യേണം.
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മശിഹാ തോന്നണമേ കരുണ.

മോശാതൻ മുഖചർമ്മത്തി-
ന്നുണ്ടായി നോമ്പാൽ ശോഭ.
സൂര്യൻതൻ കതിരെക്കാളും
ആ വദനം ചിന്തി ദീപ്തി.

നാൽപ്പതു നാളിൻ നോമ്പേറ്റാൻ
ഉന്നതമാം സീനായ് ഗിരിയിൽ.
നോമ്പാം വാൾ വിജയായുധമാം
ഈ വാൾ തോറ്റീടാ പാരിൽ.

വിജ്ഞാനി ഈ വാളേന്തി
പോരാടാൻ പോയീടുക നീ.
ഈ രക്ഷാവാളാൽ തന്നെ
സിദ്ധന്മാർ വിജയം നേടി.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യണമേ.
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ!

## ബോവൂസാ

1. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

2. മോശയുടെ നോമ്പാൽ അവന്റെ മുഖരൂപം പ്രകാശിച്ചു. സൂര്യകിരണങ്ങളെക്കാളും അവന്റെ മുഖം വിളങ്ങി. സീനായിമലയിൽ അവൻ നാല്പതു ദിവസം നോമ്പുനോറ്റു.

3. നോമ്പു ജയമുള്ള ആയുധമാകുന്നു. അതിനാൽ യുദ്ധം ചെയ്യുന്നവൻ തോൽക്കുന്നില്ല. ആകയാൽ വിവേകിയായുള്ളോവേ അതിനെ എടുത്തുകൊണ്ട് യുദ്ധത്തിനും പോരാട്ടത്തിനുമായി പുറപ്പെടുക. സത്യവാന്മാർ ജയം നേടിയ രക്ഷയുടെ ആയുധവും ഇതുതന്നെയാകുന്നു.

4. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മിശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

(നിന്നെ പ്രസവിച്ച മാതാവിന്റെയും....)

ഒരു കൗമായും വിശ്വാസപ്രമാണവും ചൊല്ലിയശേഷം

കുറിയേലായിസ്സോൻ

മോറാനെസ്രാഹാമേലൈൻ

മോറാൻ ഹൂസൂറാഹേ മേലൈൻ

മോറാൻ അനിൻറാഹേമേലൈൻ

(ഇവ ഓരോന്നും പത്തു പ്രാവശ്യം വീതം ചൊല്ലി കുമ്പിട്ടശേഷം) ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെപിതാവേ....

---

# ചൊവ്വാഴ്ച ആറാംമണി

(കൗമാ)

കോലോ

(ബ്സപ്പറൊഹസാവുയ്)

നോമ്പേൽക്കുന്നോർ ധന്യന്മാർ
ദീപ്തി ഉദിക്കും പുലർകാലേ
അവർ നീതിപരന്മാരൊപ്പം
സന്തോഷിക്കും സ്വർഗ്ഗത്തിൽ.
കർമ്മത്തിൻ പ്രതിഫലമോർത്ത-
ങ്ങവരുടെ ഹൃദയം മോദിക്കും.

ബാറെക്മോർ. ശുബഹൊ ...

നോമ്പു വെടിപ്പായ കാപ്പോൻ തൻ
തലമുറ ഈറേരൊടു ചേരും
അവനെ നോമ്പാലൗന്നത്യം
പൂണ്ടോർ തൻ സ്നേഹിതനാക്കും
പാലകനുടയോനായതിനാൽ
തീണ്ടുകയില്ലവനെ ദുഷ്ടൻ.

മൊറിയോ റാഹേമേലൈനു ആദാറൈൻ

## (കൗമാ)

## കോലോ

(ബ്സപ്പറൊഹസാവുയ്)

1. പ്രകാശം ഉദിക്കുന്ന മയ്യലിൽ നോമ്പുകാർക്കു വലിയ ഭാഗ്യം. അവർ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കുന്നു. അവരുടെ നിരൂപണവും അവരുടെ പ്രവൃത്തിയുടെ ഫലത്തിൽ സന്തോഷിച്ചാനന്ദിക്കുന്നു. ബാറെക്മോർ.

2. വെടിപ്പോടെ നോമ്പു നോൽക്കുന്നവന്റെ തലമുറ മാലാഖമാരോടുകൂടി കലർന്നിരിക്കുന്നു. നോമ്പുകളാൽ ശ്രേഷ്ഠന്മാരായിത്തീരുന്നവർക്ക് അവൻ സ്നേഹിതനുമായിത്തീരുന്നു. അവനെ പരിപാലിക്കുന്നവൻ കർത്താവാകയാൽ ദുഷ്ടന് അവനെ തൊടുന്നതിനുപോലും കഴിയുകയില്ല.

മൊറിയൊറാഹേമ്മേലൈൻ....

## ബോവൂസോ

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ കൃപ ചെയ്യേണം.
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ തോന്നണമേ കരുണ.

തേനിന്നൊത്തൊരു നിൻ നോമ്പിൽ
നാവിനു കൈപ്പുണ്ടെന്നാകിൽ
ആ മധുരം കൈപ്പിൻ രസമായ്
നിശ്ചയമായ് മാറിപ്പോകും.

ഞങ്ങൾക്കായ് നോമ്പേറ്റോനേ!
മശിഹാനാഥാ! സ്തോത്രം തേ!
കർത്താവേ! ഇരുലോകത്തും
ചെയ്യണമേ നീ കരുണ്യം.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യേണം.
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ.

നിൻ മാതാവ് വിശുദ്ധന്മാർ ... (പേജ് 69)
കൗമാ, വിശ്വാസപ്രമാണം

## ബോവൂസാ

1. തന്റെ നാമത്തിൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

2. നിന്റെ നോമ്പു തേനോടു സദൃശവും നിന്റെ നാവു കയ്പ്പിൽ കലർന്നിരിക്കയും ചെയ്യുന്നുവെങ്കിൽ ആ മധുരം കയ്പ്പു രസമായി വ്യത്യാസപ്പെടുന്നു.

3. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മിശിഹാ നിനക്കു സ്തുതി. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടമേൽ ഉണ്ടായി ഈ ലോകത്തിലും ആ ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യണമേ.

4. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മിശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

'നിന്നെ പ്രസവിച്ച മാതാവിന്റെയും'..... ഇത്യാദി സേവേറിയോസിന്റെ മാനീസാ, കൗമാ, വിശ്വാസപ്രമാണം, 40 കുമ്പിടീൽ നടത്തി പതിവിൻപ്രകാരം അവസാനിപ്പിക്കുന്നു. പുറം 56–57)

# ബുധനാഴ്ച ആറാംമണി

## കോലോ

(കൂക്കോയോ)

കൃപയേ! പതിവിൻപടി ഞങ്ങൾക്കൊപ്പം യാചിക്ക
പ്രിയമാതാവേപ്പോൽ നിന്നെ ലോകം നോക്കുന്നു.
ശമമൊടുശാന്തി-സ്ഥാപിച്ചീടണമേ
കാക്കുക ചിറകാൽ-പാതകി വർഗ്ഗത്തെ
ദൈവിക ഭവനത്തിൻ താക്കോൽ പേറീടുന്നോളേ
കേഴുന്നോർക്കനുതാപത്തിൻ വാതിൽ തുറന്നാലും
ഹാലേ... ആശ്വാസം നൽക.
ബാറെക്മോർ-ശുബഹൊ...

കനിയണമേയെൻ കർത്താവേ! പാപംചെയ്തോരിൽ
കനിയണമേ ശിശുവൃന്ദത്തിൽ നീ ശിശുവായല്ലോ.
കനിയണമേ നിൻ-പൂജകനിവഹത്തിൽ
കനിയണമേയീ-ദുഃഖിതകർഷകരിൽ
കനിയണമേ പീഡകളേറി ക്ലേശിക്കുന്നോരിൽ
കനിയണമേ ആശ്രിതജനതയ്ക്കാശ്വാസം നൽകാൻ
ഹാലേ..... കനിവാൽ കൃപചെയ്ക
മൊറിയോ........

ഒരു കൗമാ

## കോലോകൾ

1. കൃപയേ! നിന്റെ പതിവിൻപ്രകാരം ഞങ്ങളോടൊന്നിച്ച് യാചിക്കുക. കരുണയുള്ള മാതാവിലേയ്ക്കെന്ന പോലെ ലോകം നിന്നിലേയ്ക്കു നോക്കിക്കൊണ്ടിരിക്കുന്നു. നീ സമാധാനവും നിരപ്പും വരുത്തുക. പാപം ചെയ്ത തലമുറയുടെമേൽ നിന്റെ ചിറകുകൾ വിരിക്കയും ചെയ്ക. ദൈവഭവനത്തിന്റെ താക്കോൽ വഹിക്കുന്ന നീ അനുതപിക്കുന്ന പാപികൾക്ക് അനുതാപവാതിൽ തുറന്നുകൊടുക്കുക.

ബാറെക്മോർ.

2. കർത്താവേ, പാപികൾ തങ്ങളുടെ പ്രവൃത്തികളാൽ അകൃത്യം ചെയ്തുവെങ്കിൽ, പൈതങ്ങളുടെ മേൽ മനസ്സലിയേണമേ. നീ പൈതലായി തീർന്നവനാകുന്നുവല്ലോ. ബെസ്ക്കുദിശായിൽ നിന്നെ ആഘോഷിച്ചിട്ടുള്ള പട്ടക്കാരുടെമേലും നിത്യവും നിന്നെ വിളിക്കുന്ന അദ്ധ്വാനക്കാരുടെമേലും മനസ്സലിയേണമെ. ഉപദ്രവങ്ങളിൽ അകപ്പെട്ടിരിക്കുന്ന ആത്മാക്കളുടെമേലും മനസ്സലിയേണമേ. നിന്നെ ആശ്രയിച്ചു വസിപ്പാൻ തക്കവണ്ണം ആശ്വാസത്തിലേക്ക് അവർ വരുവാൻ കല്പിക്കയും ചെയ്യണമെ.

മൊറിയോറാഹേമ്മേലെൻ....

## ബോവൂസൊ

(മാർ അപ്രേം)

തൻനോമ്പാൽ വിടുതൽതന്നോ–
രാത്മജനേ! കൃപചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ! തോന്നണമേ കരുണ.

സൃഷ്ടിക്കാസ്പദമാം കൃപയാൽ
നൽകുക രക്ഷകനേ! ജീവൻ
ഞങ്ങളെയൻപാൽ സൃഷ്ടിച്ചു
ശിക്ഷിച്ചീടരുതേ നീതി.

പീഡിതർ തൻ വൃണമില്ലെങ്കിൽ
വൈദ്യൻ ശ്രേഷ്ഠത പൂണ്ടീടാ
പാപികൾ തൻ തെറ്റില്ലെങ്കിൽ
എങ്ങനെ കാരുണ്യം തെളിയും

# ബോവൂസാ

1. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ.

2. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ സൃഷ്ടിച്ചിരിക്കുന്ന ആ നിന്റെ കരുണയാൽതന്നെ ഞങ്ങളെ ജീവിപ്പിക്കണമേ. നിന്റെ നീതി ഞങ്ങളെ ശിക്ഷിക്കാതെ നിന്റെ കൃപ ഞങ്ങളെ സ്ഥിരപ്പെടുത്തേണമെ.

3. രോഗികളുടെ മുറിവുകൾ സൗഖ്യമാക്കപ്പെടുന്നത് കൂടാതെ വൈദ്യൻ ശ്രേഷ്ഠനാകുന്നില്ല. പാപികളുടെ കടങ്ങൾ പരിഹരിക്കപ്പെടുന്നതു കൂടാതെ കരുണ അറിയപ്പെടുന്നുമില്ല.

4. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മിശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

"നിന്നെ പ്രസവിച്ച മാതാവിന്റെയും.... ഇത്യാദി. മാർ സേവേറിയോസിന്റെ മാനീസ, കൗമാ, വിശ്വാസപ്രമാണം, 40 കുമ്പിടീൽ നടത്തി പതിവിൻപ്രകാരം അവസാനിപ്പിക്കുന്നു.

---

## വ്യാഴാഴ്ച ആറാംമണി

## (കൗമാ)

### കോലോ

(സൊഹദൗ ആത്തുൻ)

നോമ്പു വിശിഷ്ടം-ജാഗ്രത ദിവ്യം
യാചനയും പ്രാ-ർത്ഥനയും കാമ്യം താൻ
കോപത്തെ അവ-നേരിട്ടാത്മം മെയ്യിന്നിവയെ
പാവനമാക്കുന്നു-നാഥാ! സ്തോത്രം
നോമ്പാലും പ്രാർത്ഥനയാലും പ്രീതിപ്പെട്ടീടുന്നോനേ.

ബാറെക്മോർ. ശുബഹൊ ...

തിരുവിഷ്ടം പോൽ-തന്നരുളണമേ
നാഥാ! കൃപയും പാപവിമോചനവും
നവജീവിതവും-സ്വർഗ്ഗമതാകും രാജ്യവുമേറിയ
കൃപയും നൽകണമേ-മർമ്മം സർവ്വം
വെളിവാകും വിധിദിവസത്തിൽ-രാജ്യം ഞങ്ങൾക്കേകണമേ

മൊറിയോ റാഹേമേലൈനു ആദാറൈൻ.

ഒരു കൗമാ

### കോലോകൾ

1. നോമ്പു നല്ലതും, ജാഗരണം യോഗ്യവും, അപേക്ഷയും പ്രാർത്ഥനയും സ്നേഹിക്കപ്പെട്ടതുമാകുന്നു. ഇവ കോപത്തെ നിരപ്പാക്കി ആത്മാവിനെയും ശരീരത്തെയും ശുദ്ധീകരിക്കുന്നു. നോമ്പാലും നമസ്ക്കാരത്താലും മനുഷ്യമക്കളോട് നിരപ്പാകുന്ന കർത്താവേ നിനക്കു സ്തുതി.

ബാറെക്മോർ.

2. കർത്താവേ, നിന്റെ ഇഷ്ടത്താൽ ദയയും കരുണയും പാപമോചനവും സ്വർഗ്ഗരാജ്യത്തിൽ പുതിയ ജീവനും, ന്യായ വിധിയിങ്കൽ ചിന്തപ്പെട്ടതായ അനുഗ്രഹങ്ങളും നൽകണമേ. രഹസ്യങ്ങൾ വെളിപ്പെടുന്നതായ ദിവസത്തിൽ മോക്ഷം നേടുവാൻ ഞങ്ങളെ യോഗ്യന്മാരാക്കണമെ.

മൊറിയോറാഹേമ്മേലെൻ....

## ബോവൂസോ

(മാർ യാക്കോബ്)

മ്ശീഹാനാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം

സംഘത്തീന്നുണ്ടാകും പുണ്യം പാരം കാമ്യം
യാചിപ്പെല്ലാം നേടാനതിനുണ്ടേറ്റം വീര്യം
അതിനിസ്സാരം താൻ വർഷത്തിൻ വെള്ളത്തുള്ളി
കൂടിച്ചേർന്നാലവ ദുസ്തരമാം തോടായ് തീരും.

ഓരോന്നായമ്മഞ്ഞിൻതുള്ളികൾ കൂടിച്ചേർന്നാൽ
ഏവന്നും ദുസ്തരമാം തോടായ് തീർന്നീടും പോൽ.
ഏറും വായ്കൾ തൻ യാചനയങ്ങൊന്നായ് കൂടി
ന്യായാധീശൻ തള്ളാത്തവിധം മുന്നേറീടും.

ശാന്തൻ മോശാനിബി തൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീ ആത്മാക്കളിലൻപുണ്ടാകേണം.

നിൻ മാതാവ് വിശുദ്ധന്മാർ ... (പേജ് 69)

കുറിയേലായിസ്സോൻ ... ഞങ്ങളുടെ കർത്താവേ! ഞങ്ങ
കരുണ ചെയ്യണമേ. ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## ബോവൂസാ

1. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ടവനായ മിശിഹാ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യേണമേ.

2. അനേകരിൽനിന്ന് ഒരുമിച്ചുണ്ടാകുന്ന പുണ്യം എത്രയും സ്നേഹിക്കപ്പെട്ടതാകുന്നു. അതിന്റെ എല്ലാ യാചനകളും നിത്യവും ലഭിക്കുന്നതിന് അതിൽ ശക്തിയുണ്ട്. മഴത്തുള്ളികൾ ഓരോരോ തുള്ളികളായി ഇരിക്കുന്നുവെങ്കിലും അവ ഒരുമിച്ചു കൂടുമ്പോൾ കടക്കാൻ പാടില്ലാത്ത നദിയായിത്തീരുന്നു.

3. മഞ്ഞിൽനിന്നുള്ള തുള്ളികളും ഒരുമിക്കുമ്പോൾ അതിന്റെ പെരുപ്പത്താൽ കടക്കുവാൻ പാടില്ലാത്ത നദിയായിത്തീരുന്നതുപോലെ, ബലഹീനങ്ങളായ അനേകം വായ്കളിൽനിന്നുള്ള ഒരുമനപ്പെട്ട പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കയും കർത്താവിനാൽ തടയപ്പെടാതിരിക്കുകയും ചെയ്യുന്നു.

4. മോശയുടെ നോമ്പിനെയും അവന്റെ താഴ്മയേയും കൈക്കൊണ്ട മിശിഹാ, ഞങ്ങളുടെ അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യേണമെ.

"നിന്നെ പ്രസവിച്ച മാതാവിന്റെയും.... ഇത്യാദി. മാർ സേവേറിയോസിന്റെ മാനീസ, കൗമാ, വിശ്വാസപ്രമാണം, 40 കുമ്പിടീൽ നടത്തി പതിവിൻപ്രകാരം അവസാനിപ്പിക്കുന്നു.

---

# വെള്ളിയാഴ്ച ആറാംമണി

## കോലോ

('പ്തഹ്-ലീതറംഏ)

കടുതരവഞ്ചനയാലെന്നെ
തോൽപ്പിച്ചോനാം ദുഷ്ടാത്മാവിൻ
ദാസ്യത്തിൽ പാഴായ് ഞാനെൻ
കാലം മുഴുവൻ പിന്നിട്ടു
രക്ഷകനേ! വൻ പാതകിയാം
നിൻ രൂപത്തിൽ കനിയണമേ
നിന്നുടെ സൃഷ്ടിയെ നീ
നാശത്തിനു കൈ വെടിയരുതേ.

ബാറെക്മോർ. ശുബഹൊ ...

എന്നുടെ പിഴകൾക്കുന്നതമാം
കൊടുമുടി പോലും കിട നിൽക്കാ നിൻ
കരുണാവാരിധി ബിന്ദുവിനാൽ
ഞാൻ നേടണമേ നിർമ്മലത

ഞങ്ങളെ നിർമ്മിച്ചൊരു കൃപയാൽ
ജീവൻ നൽകി കരുണാബ്ധേ
ഇക്ഷിതിയിൽ നിന്നും
ശിക്ഷകളെല്ലാം നീക്കണമേ.

മൊറിയോ റാഹേമേലൈനൂ ആദാറൈൻ

ഒരു കൗമാ

## കോലോകൾ

1. കഠിനവഞ്ചനയാൽ എന്നെ അടിമപ്പെടുത്തിയ ദുഷ്ട നോടൊന്നിച്ചു വേല ചെയ്തുകൊണ്ട് എന്റെ ആയുസ്സിന്റെ ദിവ സങ്ങളെല്ലാം വ്യർത്ഥതയിൽ ഞാൻ കഴിച്ചുകൂട്ടി. രക്ഷിതാവേ! പാപത്തിൽ ക്ഷയിച്ചുപോയ നിന്റെ സ്വരൂപത്തോടു ദയ ചെയ്യ ണമേ. അതു നാശത്തിലേക്ക് അവശേഷിക്കാതെ അതിനെ സ്ഥിര പ്പെടുത്തണമേ.

2. ഉന്നതങ്ങളായ പർവ്വതങ്ങളേയും എന്റെ കടങ്ങളോടു തുലനം ചെയ്‌വാൻ നിവൃത്തിയില്ല. നിന്റെ കരുണാ സമുദ്ര ത്തിന്റെ തുള്ളിയാൽ അവ നീങ്ങികിട്ടുകയും ഞാൻ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുമാറാകണമേ. നീ ഞങ്ങളെ സൃഷ്ടിച്ചതായ ആ കരുണയാൽത്തന്നെ ഞങ്ങളെ ജീവിപ്പിക്കയും ഭൂമിയിൽ നിന്ന് ശിക്ഷകളെയും അരിശത്തിന്റെ വടികളെയും മായിച്ചു കളകയും ചെയ്യണമെ. മൊറിയോറാഹേമ്മേലെൻ...

### ബോവൂസോ

(മാർ യാക്കോബ്)

മ്ശീഹാ നാഥാ ശിഷ്ടന്മാർതൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

ജീവസ്നേഹം പാരം വഷളായ് തീരാറായി
ലോകസ്നേഹം തീ പോലാളി കത്തീടുന്നു
ലൗകികമാം സമ്പാദ്യം തേടാനോടീടുന്നോൻ
ലേശം കൂട്ടാക്കീടുന്നില്ലുപദേശം കേൾപ്പാൻ.

ജാതികൾ കീർത്തിച്ചീടട്ടെ നിൻ പ്രാബല്യത്തെ
നീ കാട്ടുന്നു ഗർവ്വിഷ്ഠന്മാരിൽ ക്ഷമയേറ്റം
മാർഗ്ഗം പാർത്താലെന്തായാലും നിൻ സ്നേഹത്താൽ
നീ കാംക്ഷിപ്പൂ തിരികെ വരാനായ് ഗർവ്വിഷ്ഠന്മാർ.

ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ!
പ്രാർത്ഥന കേട്ടീ ആത്മാക്കളിലൻപുണ്ടാകേണം.

നിൻ മാതാവ് വിശുദ്ധന്മാർ ... (പേജ് 69)

കൗമാ, വിശ്വാസപ്രമാണം

കുറിയേലായിസ്സോൻ ... ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ. ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## ബോവൂസാ

1. നീതിമാന്മാരുടേയും പുണ്യവാന്മാരുടേയും നോമ്പിനെ കൈക്കൊണ്ടവനായ മിശിഹാ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യേണമേ.

2. (നിത്യ) ജീവനെക്കുറിച്ചുള്ള സ്നേഹം അനാദരിക്കപ്പെട്ടിരിക്കുന്നു. ലോകപ്രതിപത്തി അഗ്നിജ്വാലപോലെ ചൂടായിരിക്കുന്നു. ഉപദേശവചനം ശ്രദ്ധിപ്പാൻ മനസ്സാകാതെ, ലൗകികാദായം സ്വരൂപിക്കുവാൻ എല്ലാവരും ഓടിനടക്കുന്നു.

3. കർത്താവേ, സകല ജാതികളും നിന്റെ പ്രബലതയ്ക്കു സ്തുതി അർപ്പിക്കുമാറാകണമേ. മറുതലിപ്പുകാരുടെമേൽ നീ എത്രയും ദീർഘക്ഷമയുള്ളവനാകുന്നു. ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും കാരണത്താൽ എല്ലാവരും അനുതാപത്തിലേക്കു വരുവാൻ സ്നേഹത്തോടെ നീ കാത്തിരിക്കുന്നു.

4. മോശയുടെ നോമ്പിനെയും അവന്റെ താഴ്മയേയും കൈക്കൊണ്ട മിശിഹാ, ഞങ്ങളുടെ അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമെ. ('നിന്നെ പ്രസവിച്ച മാതാവിന്റെ.....' ഇത്യാദി മാർ സേവേറിയോസിന്റെ മാനീസാ, കൗമാ, വിശ്വാസപ്രമാണം, 40 കുമ്പിടീൽ എന്നിവ നടത്തി പതിവിൻ പ്രകാരം അവസാനിക്കുന്നു.)